(ജെ) 1949-ൽ ഉദ്ദേശം 8,75,00,000 പറ നെല്ലും 1954-ൽ ഉദ്ദേശം 10,44,40,000 പറ നെല്ലും വിളവെടുപ്പുണ്ടായിട്ടുണ്ട്.

ഹെൽത്ത് യൂണിറ്റ്.

289. [28] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം താലൂക്കിൽ മണക്കൽ എന്ന സ്ഥലത്ത് ഒരു ഹെൽത്ത്യൂണിറ്റ് സ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. വയ്യം പഞ്ചായത്തിന്റെ വല്ല നിർദ്ദേശവും ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ നിർദ്ദേശത്തെ ഗവണ്മെന്റ് പരിഗണിക്കുമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഡിസ്പ്രിക്റ്റ് ഡവലപ്പ്മെന്റ് കമ്മിറ്റികളുടെ ശുപാർശകളിപ്പെട്ട ഈ കാര്യം രണ്ടാംപഞ്ചവത്സരപദ്ധതിയിൽ പെടുത്താവുന്നതാണ്. അതിനെപ്പറ്റി ആലോചിച്ചുവരുന്നതേയുള്ളൂ.

പാലംപണി.

290. [29] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാന്നാംകരതോട്ടിൽ ചാന്നാംകര എന്ന സ്ഥലത്തുള്ള പാലം അപായകരമായി ജീർണ്ണിച്ചുപോയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പാലം അഴിച്ചുപണിയുന്നതിനുള്ള വല്ല നടപടിയും ഗവണ്മെന്റ് സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം.

(എ) ഇല്ല.

(ബി) വാഹനഗതാഗതത്തിനുപകരിക്കത്തക്ക ഒരു പാലം ഇവിടെ പണിയുവാൻ ആലോചനയുണ്ട്.

Water Supply.

291. [30] **Shri T. T. Daniel:** Will the Minister for Public Works be pleased to state:

(*a*) does the Government propose to extend the Nagercoil Water Supply Scheme to the extended area of the Nagercoil Municipality;

(*b*) what is the estimated cost for the same; and

(*c*) will the work be taken up this Year?

Answer.

(*a*) The question is under consideration.

(*b*) Rs. 10 lakhs.

(*c*) This cannot definitely be stated now.

LIBRARY ARCHIVES Kerala Legislative Assembly